"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ "പനവിള (കട്ടച്ചകോണം) - പാറോട്ടുകോണം - കരിയം റോഡ്(0/000-3/650) കാര്യവട്ടം - ചെങ്കോട്ടുകോണം റോഡ്(0/000-2/650) പുനരുദ്ധാരണ" പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് ഉത്തരവാകുന്നു.

---

**പൊതുമരാമത്ത് (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.44/2024/PWD തീയതി, തിരുവനന്തപുരം, 02-09-2024

---

പരാമർശം:-

1. സ.ഉ.(സാധാ)നം.16/2017/ധന തീയതി 06.02.2017
2. സ.ഉ.(സാധാ)നം.268/2023/പൊ.മ.വ തീയതി 03.03.2023
3. TS No.PWD/RB/EST/TS13014/2022-5-1-1 തീയതി 20.04.2023
4. പൊതുമരാമത്ത് വകുപ്പ്, നിരത്ത്d വിഭാഗം ചീഫ് എഞ്ചിനിയറുടെ 22.03.2024 ലെ CEPWD/5743/2024-DB1(NAB)-RD നം.കത്ത്

**ഉത്തരവ്**

നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കുന്ന തിരുവനന്തപുരം ജില്ലയിലെ "പനവിള (കട്ടച്ചകോണം) -പാറോട്ടുകോണം -കരിയം റോഡ് (0/000-3/650) കാര്യവട്ടം- ചെങ്കോട്ടുകോണം റോഡ് (0/000-2/650) പുനരുദ്ധാരണ" പ്രവൃത്തിയ്ക്ക് പരാമർശം (2) പ്രകാരം 7 0 8 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. പരാമർശം (3) പ്രകാരം ഇതേ തുകയ്ക്കു തന്നെ പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി ചീഫ് എഞ്ചിനിയർ നല്കിയിട്ടുണ്ട്.

2. മേൽ പ്രവൃത്തിയ്ക്കായി ആറ് തവണ ദർഘാസ് വിളിച്ചെങ്കിലും പ്രതികരണമൊന്നും ഉണ്ടായില്ലെന്നും ഏഴാമത്തെ പ്രാവശ്യം വീണ്ടും ദർഘാസ് ക്ഷണിച്ചപ്പോൾ ശ്രീ ധന്യാ കൺസ്ട്രക്ഷൻ കമ്പനി മാത്രമാണ് ലേലത്തിൽ പങ്കെടുത്തതെന്നും ലേലക്കാരനുമായി നെഗോഷ്യേറ്റ് ചെയ്തെങ്കിലും ക്വോട്ട് ചെയ്ത നിരക്ക് കുറയ്ക്കാൻ ലേലക്കാരൻ തയ്യാറായില്ലെന്നും നബാർഡ് ധനസഹായത്തോടെ നടപ്പാക്കുന്ന പ്രവർത്തി എന്നത് കണക്കിലെടുത്ത് ഏഴാമതായി ലഭിച്ച ഏക ലേലം അംഗീകരിക്കുവാൻ നടപടി കൈക്കൊള്ളണമെന്നും പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനിയർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തു. ശ്രീ ധന്യാ കൺസ്ട്രക്ഷൻ കമ്പനി ക്വാട്ട് ചെയ്ത തുകയായ 7,17,10,702.75 രൂപ എസ്റ്റിമേറ്റ്

പി.എ.സി യേക്കാൾ 19.77% അധികവും നിലവിലെ എസ്.ഒ.ആർ+10% തുകയേക്കാൾ 12.82% അധികവും എൽ.എം.ആർ തുകയേക്കാൾ 2.46% കുറവുമാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലെ പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ടെണ്ടറിൽ ലഭിച്ച ഏറ്റവും കുറഞ്ഞ നിരക്ക് അല്ലെങ്കിൽ പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ നിലവിലുള്ള ഡി.എസ്.ആർ നോട് 10% കൂടിച്ചേർന്ന നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെൻഡർ എക്സസ്. ചീഫ് എഞ്ചിനിയറുടെ റിപ്പോർട്ട് പ്രകാരം പനവിള (കട്ടച്ചകോണം) -പാറോട്ടുകോണം -കരിയം റോഡ് (0/000-3/650) കാര്യവട്ടം- ചെങ്കോട്ടുകോണം റോഡ് (0/000-2/650) പുനരുദ്ധാരണ" പ്രവൃത്തിക്ക് ഏഴാമത്തെ തവണയാണ് ഏക ടെണ്ടർ ലഭിച്ചത്. നബാർഡ് ധനസഹായത്തോടെയുള്ള പദ്ധതിയായതിനാൽ ഭരണാനുമതി ലഭിച്ച് 18 മാസത്തിനുള്ളിൽ പദ്ധതി ആരംഭിച്ചില്ലെങ്കിൽ ഫണ്ട് അസാധുവാകുകയും പ്രവൃത്തിയുടെ ചെലവ് സർക്കാർ വഹിക്കേണ്ടതായി വരും. കൂടാതെ, റോഡ് തകർന്ന അവസ്ഥയിലുമാണ്.

4. ഈ സാഹചര്യത്തിൽ, ശ്രീ ധന്യാ കൺസ്ട്രക്ഷൻ കമ്പനി ക്വാട്ട് ചെയ്ത തുകയായ 7,17,10,702.75 രൂപ എസ്റ്റിമേറ്റ് പി.എ.സി യേക്കാൾ 19.77% അധികവും നിലവിലെ എസ്.ഒ.ആർ+10% തുകയേക്കാൾ 12.82% അധികവും എൽ.എം.ആർ തുകയേക്കാൾ 2.46% കുറവുമായതിനാൽ സർക്കാർ തലത്തിൽ ടെണ്ടർ അംഗീകരിക്കണമെന്ന നിരത്ത് വിഭാഗം ചീഫ് എഞ്ചിനിയറുടെ പരാമർശം (4) ലെ അപേക്ഷ പരിഗണിച്ച്, പരാമർശം (1) ലെ നിബന്ധനയ്ക്ക് ഇളവ് നൽകി, "പനവിള (കട്ടച്ചകോണം) -പാറോട്ടുകോണം -കരിയം റോഡ് (0/000-3/650) കാര്യവട്ടം- ചെങ്കോട്ടുകോണം റോഡ് (0/000-2/650) പുനരുദ്ധാരണ" പ്രവൃത്തിയ്ക്ക്, ശ്രീ ധന്യാ കൺസ്ട്രക്ഷൻ കമ്പനി ക്വാട്ട് ചെയ്ത തുകയായ 7,17,10,702.75 രൂപയുടെ ടെണ്ടർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ചീഫ് എഞ്ചിനീയർ(നിരത്ത്), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ) തിരുവനന്തപുരം

ധനകാര്യ വകുപ്പ്

(എൻ.സി-എ) വകുപ്പ് (നം.2750153/എൻ.സി-എ3/17/2024-ധന)

പൊതുഭരണ(എസ്.സി) വകുപ്പ്(ഇനം. നം.2368, തീയതി 29.08.2024)

ഇൻഫർമേഷൻ&പബ്ളിക് റിലേഷൻസ് (വെബ്&ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി (എച്ച്2/58/2024/പൊമവ)

ഉത്തരവിൻ പ്രകാരം,

Signed by
Priyanka T V
Date: 03-09-2024 10:25:18
സെക്ഷൻ ഓഫീസർ.

പകർപ്പ്-

ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ്.

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ പി.എ.